**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5337** **15-03-2023 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെൻറ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷക ക്ഷേമനിധി ബോർഡിലേക്ക് കർഷകർ അടയ്ക്കുന്ന പ്രതിമാസ അംശാദായം എത്ര രൂപയാണ്; ഇതിന് തത്തുല്യമായ തുക സർക്കാർ വിഹിതമായി നൽകുന്നുണ്ടോ; എങ്കിൽ ഈ ഇനത്തിൽ നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് 100 രൂപ വീതം നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്. അംഗങ്ങൾക്ക് സ്വന്തം ഇഷ്ടപ്രകാരം പ്രതിമാസ വിഹിതം ഉയർന്ന നിരക്കിൽ അടയ്ക്കാവുന്നതാണ്. ഉയർന്ന നിരക്കിനു പരിധി നിശ്ചയിച്ചിട്ടില്ല. അംഗങ്ങളുടെ അംശദായത്തിനു തത്തുല്യമായ തുക പരമാവധി 250 രൂപ വരെ സർക്കാർ വിഹിതമായി നൽകുന്നതാണ്. സർക്കാർ വിഹിതം നൽകിയിട്ടില്ല. |
| (ബി) | ബോർഡിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ? | (ബി) | 1. അംഗങ്ങളുടെ നിധിയിലേക്കുള്ള അംശദായം;<br>2. വരുമാന രൂപീകരണത്തിന്റെ ഭാഗമായി കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് വിൽപ്പന നടത്തുന്ന വകയിൽ ലഭിക്കുന്ന തുക;<br>3. ക്ഷേമനിധി ആക്ടിലെ 8-ആം വകുപ്പ് 2-ആം ഉപവകുപ്പ് പ്രകാരം അംഗങ്ങളുടെ അംശദായത്തിനു ആനുപാതിക വിഹിതം പ്രതിമാസം പരമാവധി 250/- രൂപ എന്നതിന് വിധേയമായി സർക്കാർ നൽകുന്ന അംശദായം;<br>4. അംഗത്വം പുനരുജ്ജീവിക്കൽ പ്രകാരം ലഭിക്കുന്ന കുടിശികയും പലിശയും;<br>5. 2019 ലെ കേരള കർഷക ക്ഷേമനിധി ആക്ടിലെ 29-ആം വകുപ്പ് 1-ആം ഉപവകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന 'കിസ്സാൻ അഭിമാൻ പദ്ധതി' പ്രകാരം ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിലേക്കുള്ള തുക;<br>6. കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥപനങ്ങളോ ഏതെങ്കിലും സ്ഥപനങ്ങളോ സംഘടനകളോ മുഖേന ലഭിക്കുന്ന ഗ്രാന്റോ വായ്പകളോ മുൻകൂറുകളോ 2013- ലെ കമ്പനി നിയമ പ്രകാരമുള്ള (2013 -ലെ 18 -ആം കേന്ദ്ര |

| | | | | |
|---|---|---|---|---|
| | | | | ആക്ട്) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് മുതലായവ;<br>7. കിസ്സാൻ അഭിമാൻ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ കൃഷി വകുപ്പിന് നൽകി വന്നിരുന്ന തുകയ്ക്ക് സമാനമായി നിധിയിലേക്ക് സർക്കാർ വർഷംതോറും നൽകുന്ന തുക;<br>8. ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബോർഡ് തീരുമാന പ്രകാരം സമാഹരിക്കുന്ന ഏതെങ്കിലും നിയമാനുസൃത ഇനത്തിലുള്ള തുക;<br>9. പദ്ധതി പ്രകാരം ചുമത്തുന്ന ഫീസ്;<br>10. പരിസ്ഥിതി സംരക്ഷണം എന്ന ഉദ്ദേശ്യത്തോടു കൂടി, കർഷക ക്ഷേമത്തിനായി ഏതെങ്കിലും നിയമ പ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ അനുവദിക്കുന്നതും, മറ്റേതെങ്കിലും നിയമ പ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ കർഷക ക്ഷേമത്തിനായി അനുവദിക്കുന്നതുമായ തുകകൾ;<br>11. പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ടതായിട്ടുള്ള മറ്റേതെങ്കിലും തുക |

സെക്ഷൻ ഓഫീസർ